**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4658** **19-07-2022 - ൽ മറുപടിയ്ക്ക്**

**കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട് താൽകാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്നവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇപ്രകാരം രണ്ട് വർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന എത്ര കുടുംബങ്ങളുണ്ടെന്ന കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇത്തരം കുടുംബങ്ങൾക്ക് അടിയന്തരമായി പുനരധിവാസത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | തിരുവനന്തപുരം ജില്ലയിലെ 71 കുടുംബങ്ങളിൽ 49 കുടുംബങ്ങളും രണ്ട് വർഷത്തിലധികമായി ക്യാമ്പിൽ കഴിയുന്നവരാണ്. നിലവിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി വഴി എട്ട് കുടുംബങ്ങൾ ഭൂമി കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഭവന നിർമ്മാണം പുരോഗമിച്ചു വരുന്നു. വലിയതുറയിൽ നിർമ്മാണം ആരംഭിക്കാൻ ഭരണാനുമതി നൽകിയ ഫ്ലാറ്റ് സമുച്ചയത്തിലേക്ക് ക്യാമ്പിൽ കഴിയുന്ന ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br><br>ആലപ്പുഴ ജില്ലയിൽ കടലാക്രമണത്തിൽ ഭവനം നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന 4 കുടുംബങ്ങളിൽ രണ്ട് കുടുംബങ്ങൾ രണ്ട് വർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പിലാണ് കഴിയുന്നത്. പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയ ടി കുടുംബങ്ങൾ ഭവനത്തിന്റെ ഫർണിഷിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടില്ലാത്ത കാരണത്താലാണ് പുതിയ ഭവനങ്ങളിലേയ്ക്ക് മാറി താമസിക്കാത്തത്. |

| | | | |
|---|---|---|---|
| (സി) | വള്ളിക്കുന്ന് മണ്ഡലത്തിൽ ഉൾപ്പെടുന്ന തീരദേശ പ്രദേശങ്ങളിൽ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ എത്ര കുടുംബങ്ങൾ കഴിയുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ? | (സി) | വള്ളിക്കുന്ന് മണ്ഡലത്തിൽ ഉൾപ്പെടുന്ന തീരദേശ പ്രദേശങ്ങളിൽ നിലവിൽ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളില്ല. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

## <u>തിരുവനന്തപുരം ജില്ല</u>

| ക്രമ നം. | ക്യാമ്പിന്റെ പേര് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1. | പോർട്ട് ഗോഡൗൺ – 1 | 17 |
| 2. | പോർട്ട് ഗോഡൗൺ – 3,4 | 8 |
| 3. | ബഡ്സ് സ്കൂൾ | 5 |
| 4. | യു.പി.എസ്. വലിയതുറ | 10 |
| 5. | ബീമാപ്പള്ളി യു.പി.എസ്. | 6 |
| 6. | വലിയതുറ ഗോഡൗൺ – 1 | 7 |
| 7. | ഗവ.യു.പി.എസ്., വലിയതുറ | 2 |
| 8. | യു.പി.എസ്., പൊഴിയൂർ | 2 |
| 9. | പോർട്ട് ഗോഡൗൺ–1 (സെന്റ് റോക്കി കോൺവെന്റ് വലിയതുറയിൽ നിന്നും മാറ്റിയവർ) | 14 |
| | ആകെ | 71 |

## <u>ആലപ്പുഴ ജില്ല</u>

ജില്ലയിൽ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട 4 കുടുംബങ്ങൾ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ട്.

കോഴിക്കോട് ജില്ല

കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട് താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ ആരും തന്നെ താമസിക്കുന്നില്ല. എന്നാൽ കഴിഞ്ഞ വർഷത്തെ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട 2 കുടുംബങ്ങൾ ഭട്ട് റോഡിലുള്ള കോഴിക്കോട് കോർപ്പറേഷന്റെ ധോബിഖാനയിലും 3 കുടുംബങ്ങൾ ബന്ധുവീടുകളിലും കഴിയുന്നുണ്ട്. ഈ 5 കുടുംബങ്ങളും സർക്കാരിന്റെ പുനർഗേഹം പദ്ധതിയിൻകീഴിൽ കോഴിക്കോട് ജില്ലയിൽ നിർമ്മിക്കുവാൻ പോകുന്ന ഫ്ലാറ്റ് സമുച്ചയത്തിലേക്ക് മാറുവാൻ തയ്യാറാണ്.

മറ്റു തീരദേശ ജില്ലകളിൽ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട് താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർ ആരും തന്നെയില്ല.